(സി) ഇത്തരത്തിലുള്ള ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ സമാധാനാന്തരീക്ഷം പുനഃസ്ഥാപിക്കുന്നതിനും നിലനിർത്തുന്നതിലേക്കുംവേണ്ടി പ്രാദേശിക/ജില്ലാതലത്തിൽ സർവ്വകക്ഷിയോഗങ്ങൾ വിളിക്കാറുണ്ട്.

**കാസർഗോഡ് എൽ.ബി.എസ്. കോളേജിൽ നടന്ന അക്രമം**

**198 (3019)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 മാർച്ച് മാസത്തിൽ കാസർഗോഡ് എൽ.ബി.എസ്. കോളേജിൽ ക്ലാസ് നടക്കവെ ക്ലാസിൽ കയറി എസ്.എഫ്.ഐ. പ്രവർത്തകരെയും അദ്ധ്യാപകരെയും ആക്രമിച്ചതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ; ആരൊക്കെയാണ് പ്രതികൾ ; സംഭവം നടന്നിട്ട് ഇതുവരെയായി എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആദൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 145/15 u/s 143, 147, 148, 341, 324, 326, 307, 308 r/w 149 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. KSU, MSF എന്നീ സംഘടനകളിൽപ്പെട്ട തിരിച്ചറിഞ്ഞ 16 പ്രതികളും കണ്ടാലറിയാവുന്ന അഞ്ചോളം പ്രതികളും കേസ്സിൽ ഉൾപ്പെട്ടിട്ടുള്ളതായി വെളിവായിട്ടുണ്ട്. ഇതിൽ ഒരു പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

**ഓപ്പറേഷൻ കുബേര**

**199 (3020)** ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേര നടപ്പിലാക്കിയിട്ടും ബ്ലേഡ് മാഫിയകളുടെ ഭീഷണിയും പീഡനവുംമൂലം ആത്മഹത്യകൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(ബി) ബ്ലേഡ് മാഫിയകളുടെ ചൂഷണത്തിൽനിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ബ്ലേഡ് മാഫിയകളിൽനിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് ആരംഭിച്ച പദ്ധതികൾ കാര്യക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഓപ്പറേഷൻ കുബേര നടപ്പിലാക്കിയിട്ടും ബ്ലേഡ് മാഫിയകളുടെ ഭീഷണിയും പീഡനവുംമൂലം ആത്മഹത്യകൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി) ബ്ലേഡ് മാഫിയയുടെ ചൂഷണത്തിൽനിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിന് 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിലൂടെ ഇത്തരക്കാരുടെ താവളങ്ങളിൽ റെയ്ഡുകൾ നടത്തി രേഖകളും മറ്റും കണ്ടെടുത്ത് കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ജനമൈത്രി പോലീസിലൂടെയും റസിഡന്റ്സ് അസോസിയേഷനുകളിലൂടെയും ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തിയും വരുന്നു.

(സി) ബ്ലേഡ് മാഫിയകളിൽനിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിന് ആരംഭിച്ച 'ഓപ്പറേഷൻ കുബേര' എന്ന പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഓപ്പറേഷൻ കുബേര നടപ്പിലാക്കിയതിനുശേഷം നിരവധി കേസ്സുകൾ എടുക്കുകയും നിരവധി രേഖകൾ പിടിച്ചെടുക്കുകയും പ്രതികളെ അറസ്റ്റ് ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചും വരുന്നു.

**ഓപ്പറേഷൻ കുബേര**

**200 (3021)** ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടവർക്കെതിരെ ഏതെല്ലാം വകുപ്പുകളാണ് ചുമത്തിയിട്ടുള്ളത് ; "കാപ്പ" ചുമത്തിയിട്ടുണ്ടോ ;

(ബി) ഓപ്പറേഷൻ കുബേരയുടെ പേരിൽ ചെറിയ ചെറിയ പലിശക്കാരെയും ചില്ലറ പിടിച്ചുപറിക്കാരെയുമാണ് അറസ്റ്റുചെയ്യുന്നതെന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത രംഗത്തെ വൻകിടക്കാർക്കെതിരെ നാളിതുവരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly